28/06/2025

SATURDAY

ശനിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



# FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA


**Chief Editor: SINDHU. KS** **Editor: Dr. Binu Harriet Ivan**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 28/06/2025

1. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള വെള്ളാനിക്കര CPBMB കോളേജിൽ താഴെ പറയുന്ന ടിഷ്യു കൾച്ചർ തൈകൾ വിൽപ്പനയ്ക്ക് തയ്യാറായിട്ടുണ്ട്. വാഴ (ഗ്രാൻഡ് നൈൻ) 20 രൂപ ഇഞ്ചി മൈക്രോറൈസോം (ആതിര) 5 രൂപ കൂടുതൽ വിവരങ്ങൾക്കായി: 9048178101, 9747154013

2. കേരള കർഷക തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ള തൊഴിലാളികൾക്ക് തൊഴിൽ വകുപ്പിന്റെ ഏകീകൃത തിരിച്ചറിൽ കാർഡ് നൽകുന്നതിന് എഐഐഐഎസ് സോഫ്റ്റ് വെയറിൽ അംഗങ്ങളുടെ പേര്, ജനന തീയതി, മൊബൈൽ നമ്പർ, ആധാർ കാർഡ്, ബാങ്ക് പാസ്സ് ബുക്ക്, ഫോട്ടോ തുടങ്ങിയ വിവരങ്ങൾ ജൂലൈ 31 നകം അക്ഷയ കേന്ദ്രങ്ങളിൽ സമർപ്പിച്ച് അപ്ഡേറ്റ് ചെയ്യണമെന്ന് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു. ബന്ധപ്പെടേണ്ട ഫോൺ നമ്പർ : 049 204602.

3. കയർ വകുപ്പിന് കീഴിലുള്ള നാഷണൽ കയർ റിസർച്ച് ആൻഡ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് പട്ടികജാതി വികസന വകുപ്പുമായി ചേർന്ന് സംഘടിപ്പിക്കുന്ന വിവിധ കയർ അനുബന്ധ ഉൽപ്പന്നങ്ങളിൽ ഉള്ള തൊഴിൽ നൈപുണ്യ പരിശീലന പരിപാടിയുടെ ഉദ്ഘാടനം പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി ഒ.ആർ. കേളു ജൂലൈ 2 ന് 11:30 ന് മാസ്കറ്റ് ഹോട്ടലിൽ സിംഫണി ഹാളിൽ നിർവഹിക്കും. നിയമ വ്യവസായ കയർ വകുപ്പ്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

മന്ത്രി പി. രാജീവ് അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ വി.കെ. പ്രശാന്ത് എം.എൽ.എ ആശംസ അർപ്പിക്കും. പ്രസ്തുത പരിപാടിയിൽ വിവിധ വകുപ്പുകളിലെ സെക്രട്ടറിമാർ, വകുപ്പ് മേധാവികൾ, പട്ടികജാതി പ്രമോട്ടർമാർ, ആദ്യ ബാച്ചുകളിലെ തിരഞ്ഞെടുക്കപ്പെട്ട പരിശീലനാർഥികൾ എന്നിവർ പങ്കെടുക്കും. 50 വയസ് പ്രായപരിധിയിൽ കവിയാത്ത പട്ടികജാതി വനിതകൾക്ക് പരിശീലനത്തിൽ പങ്കെടുക്കാം. സ്റ്റൈപ്പെന്റോട്ടു കൂടി നടത്തുന്ന ഈ തൊഴിൽ നൈപുണ്യ പരിശീലനത്തിൽ കയർ ഫ്രെയിം മാറ്റ്, ചകിരിച്ചോർ കമ്പോസ്റ്റ്, കയർ ഭൂവസ്ത്രം എന്നിവയുടെ നിർമാണ പരശീലനം ലഭ്യമാക്കും. 30 ദിവസമാണ് പരിശീലന കാലാവധി. പരിശീലനത്തിന് ശേഷം വേതനത്തോടുകൂടിയ ഇന്റേൺഷിപ്പും നൽകും. വിശദവിവരങ്ങൾക്ക്: 0471-2730788,

4. സർക്കാർ ഉത്തരവ് പ്രകാരമുള്ള ദിവസ വേതന/കരാർ ജീവനക്കാരുടെ വേതനവദ്ധനവ് കെപ്കോ നടപ്പിലാക്കി. അർഹമായിട്ടുള്ള എല്ലാ ആനുകൂല്യങ്ങളും ജീവനക്കാർക്ക് ലഭ്യമാക്കുമെന്ന സംസ്ഥാന സർക്കാരിന്റെ അടിയുറച്ച നിലപാടിന്റെ അടിസ്ഥാനത്തിൽ ദിവസ വേതന/കരാർ ജീവനക്കാരുടെ വേതനം വർദ്ധിപ്പിച്ചുകൊണ്ട് ധനകാര്യ വകുപ്പ് 19-04-2025ൽ പുറത്തിറക്കിയ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാർ പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ അധിക

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

സാമ്പത്തിക ബാദ്ധ്യത ഏറ്റെടുത്തുകൊണ്ട് ഈ കോർപ്പറേഷനിലെ മുഴുവൻ ദിവസ വേതന/കരാർ ജീവനക്കാർക്കും 01-06-2025 മുതൽ മേൽ വേതന വർദ്ധനവ് നടപ്പിലാക്കാൻ 25-06-2025ൽ ചേർന്ന ഡയറക്ടർ ബോർഡ് യോഗം തീരുമാനിച്ചതായി കോർപ്പറേഷന്റെ ചെയർമാനും, മാനേജിംഗ് ഡയറക്ടറും സംയുക്തമായി അറിയിച്ചു.

<u>പരിശീലന പരിപാടി</u>

5. കേരള കാർഷിക സർവകലാശാലയുടെ കരമനയിൽ പ്രവർത്തിക്കുന്ന സംയോജിത കൃഷി സമ്പ്രദായ ഗവേഷണ കേന്ദ്രത്തിൽ വച്ച് ജൂൺ അവസാനവാരം 'മട്ടുപ്പാവ് കൃഷിയുടെ വിവിധ വശങ്ങൾ' (സംയോജിത വളപ്രയോഗം, സംയോജിത കീട-രോഗ നിയന്ത്രണം, ജൈവ അവശിഷ്ടനിർമാർജ്ജനം) എന്ന വിഷയത്തെക്കുറിച്ച് ഒരു ഏകദിന പരിശീലന പരിപാടി നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. പരിശീലന പരിപാടിയിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർ 500/- രൂപ ഫീസ് അടച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്. പങ്കെടുക്കുന്നവർക്ക് കേരള കാർഷിക സർവകലാശാലയുടെ സർട്ടിഫിക്കറ്റ് നൽകുന്നതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 20 പേർക്കാണ് അവസരം. താൽപര്യമുള്ളവർ 9446104347, 9645219270 എന്നീ നമ്പറുകളിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്

6. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രം (സെന്റര് ഫോര് ഇ-ലേണിംഗ്) "Plant Propagation and Nursery Management" എന്ന ഓൺലൈന് പഠന സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. ആറു മാസമാണ് കോഴ്സിന്റെ ദൈർഘ്യം. ഇംഗ്ലീഷ് ഭാഷയാണ് പഠന മാദ്ധ്യമം. താല്പര്യമുള്ളവർ www.celkau.in എന്ന വെബ്സൈറ്റിലെ 'ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സ്' എന്ന ലിങ്കിൽ നിന്നും രജിസ്ട്രേഷൻ ഫോറം പൂരിപ്പിച്ച് സമർപ്പിക്കുക. രജിസ്റ്റർ ചെയ്യേണ്ട അവസാന തിയ്യതി : **2025 ജൂലൈ 8** കോഴ്സ് ആരംഭിക്കുന്ന തിയ്യതി: **2025 ജൂലൈ 9** കൂടുതൽ വിവരങ്ങൾ പ്രസ്തുത വെബ്സൈറ്റിൽ ലഭ്യമാണ്. സംശയങ്ങൾക്ക് celkau@gmail.com ലേക്ക് ഇ-മെയിൽ ആയോ 04872438567, 8547837256, എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്

7. **കാർഷിക നിർദേശം**

മഴക്കാലത്ത് തെങ്ങിനെ ബാധിക്കുന്ന ഒരു കുമിൾ രോഗമാണ് കൂമ്പ് ചീയൽ, എല്ലാ പ്രായത്തിലുള്ള തെങ്ങുകളെയും ഈ രോഗം ബാധിക്കുമെങ്കിലും പ്രായം കുറഞ്ഞ തെങ്ങുകളിലാണ് കൂടുതലായും കാണുന്നത്. തൈകളുടെ കൂമ്പോല മഞ്ഞ നിറമാവുകയും കടഭാഗത്ത് വച്ച് തന്നെ ഒടിഞ്ഞു തൂങ്ങുകയും ചെയ്യും. ഓലകളുടെ കടഭാഗവും മണ്ടയിലെ മൃദുകോശങ്ങളും അഴുകി ദുർഗന്ധം വമിക്കും. അഴുകൽ തടിയിലേക്ക് വ്യാപിക്കുന്നതോടെ മറ്റ് ഓലകളും ഒടിഞ്ഞു തൂങ്ങും. പ്രാരംഭത്തിൽ തന്നെ ഈ രോഗം കണ്ടു പിടിച്ചില്ലെങ്കിൽ തെങ്ങ് നശിച്ചു പോകും

രോഗം ആരംഭിക്കുമ്പോൾ തന്നെ മണ്ടയിലെ അഴുകിയ ഭാഗങ്ങൾ ചെത്തി മാറ്റി ബോർഡോ കുഴമ്പ് തേച്ച് പുതിയ കൂമ്പ് വരുന്നതുവരെ മഴയിൽ നിന്നും സംരക്ഷിക്കണം. രോഗം ബാധിച്ച തെങ്ങിൽ നിന്ന് നീക്കം ചെയ്ത ഭാഗങ്ങൾ കത്തിച്ചു കളയണം. രോഗം ബാധിച്ച തെങ്ങിനും, ചുറ്റും ഉള്ളവയ്ക്കും ഒരു ശതമാനം വീര്യമുള്ള ബോർഡോമിശ്രിതം തളിച്ചു കൊടുക്കണം.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം